**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 868** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ രണ്ടാം തരംഗം മൂർദ്ധന്യമായ സാഹചര്യത്തിൽ പല വിദേശ രാജ്യങ്ങളും ഇന്ത്യയിലേക്ക് സഞ്ചാര വിലക്ക് ഏർപ്പെടുത്തിയത് സംസ്ഥാനത്തെ ടൂറിസം മേഖലയെ എപ്രകാരമാണ് ബാധിച്ചതെന്ന് അറിയിക്കാമോ; | (എ) | കോവിഡിന്റെ വ്യാപനം മൂലം പല വിദേശരാജ്യങ്ങളും ഇന്ത്യയിലേക്കുള്ള സഞ്ചാര വിലക്ക് ഏർപ്പെടുത്തിയത് വഴി വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകി പ്രസ്തുത മേഖലയെ കൈപിടിച്ചുയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോവിഡ് വ്യാപനത്തിന്റെ ഫലമായി വിദേശ സഞ്ചാരികൾക്ക് പല രാജ്യങ്ങളും വിലക്ക് ഏർപ്പെടുത്തിയതിനാൽ ആഭ്യന്തര സഞ്ചാരി കളെ കൂടുതൽ ആകർഷിക്കുന്നതിനായി സമൂഹമാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും പ്രചരണപരിപാടികൾ നടത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | രണ്ടാം കോവിഡ് തരംഗം അവസാനിക്കുമ്പോൾ ടൂറിസം മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വകുപ്പ് ഇതിനകം തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കോവിഡ് വ്യാപനം അവസാനിക്കുമ്പോൾ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചനകൾ നടത്തി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |
| (ഡി) | ടൂറിസം വഴി പ്രദേശവാസികൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ടൂറിസം വഴി തദ്ദേശീയരായവർക്ക് കൂടുതൽ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ